# പ്രശ്നങ്ങൾ ഉറക്കെ ഉന്നയിക്കുക

**ഡോ. വടക്കേടത്ത് പത്മനാഭൻ**

**എഴുത്തുകാരൻ**

**1**. തെരഞ്ഞെടുപ്പിലെ വ്യത്യസ്ത ചേരികൾ തമ്മിലുള്ള ആശയപരമായ അന്തരം കുറഞ്ഞുവരും 'വികസനകാര്യത്തിൽ രാഷ്ട്രീയം പാടില്ല' എന്ന് ഇടത് വലത് ചേരികൾ ഐക്യദാർഢ്യം പ്രഖ്യാപിക്കുമ്പോൾ അവരുടെ അഭിപ്രായ വ്യത്യാസം കിട്ടുന്ന പങ്കിനെക്കുറിച്ച് മാത്രമാണെന്ന് വരുന്നു. അറുപതുവർഷത്തെ കേരളചരിത്രം പരിശോധിച്ചാൽ തെരഞ്ഞെടുപ്പുകളേക്കാൾ സ്വാധീനം ചെലുത്തിയിട്ടുള്ളത് മറ്റു ഘടകങ്ങളാണെന്നു കാണാം. ഉദാഹരണത്തിന് ഗൾഫ് കുടിയേറ്റം, ആഗോളവത്കരണം, ഇൻഫർമേഷൻ ടെക്നോളജി എന്നിവ. തെരഞ്ഞെടുപ്പ് എന്നത് ഒരു കളി കളിക്കുന്ന രണ്ടു ടീമുകൾ തമ്മിലുള്ളതായതുകൊണ്ട് കളിയുടെ നിലനില്പ്പ് രണ്ടുകൂട്ടർക്കും ഒരുപോലെ പ്രധാനമാണ്.

**2**. ഉത്തരമില്ലാത്ത ചോദ്യങ്ങളെ അഭിമുഖീകരിക്കുന്നതിൽ നിന്ന് ഒഴിവാകാൻ, തർക്കവിഷയങ്ങളെ ലളിതവത്കരിക്കുകയും പൈങ്കിളിവത്കരിക്കുകയും ചെയ്യുന്ന രീതി അവലംബിക്കപ്പെടുന്നുണ്ട്. ഇതിനോട് എളുപ്പം പൊരുത്തപ്പെട്ടു പോകുന്നതാണ് നമ്മുടെ മുഖ്യധാരാ മാധ്യമങ്ങളുടെ നിലവാരവും. രാഷ്ട്രീയ മുഖ്യധാരയും മാധ്യമുഖ്യധാരയും ഇതിൽ പരസ്പരം സഹകരിക്കുന്നു എന്നുവേണം പറയാൻ.

**3.** വ്യക്തിക്കുപരി പാർട്ടിയും, പാർട്ടിക്കുപരി പ്രസ്ഥാനവും പ്രസ്ഥാനത്തിനുപരി ജനങ്ങളും എന്നൊരു മുൻഗണനാക്രമം ജനപ്രതിനിധികൾക്ക് സ്വീകരിക്കാവുന്നതാണ്. തങ്ങൾ ആത്യന്തികമായി കണക്കുപറയേണ്ടത് ജനങ്ങളോടാണ് എന്ന നിലപാടായിരിക്കും ധാർമ്മികമായി ശരിയായിരിക്കുക.

**4.** തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ തന്നെ പ്രശ്നസങ്കീർണ്ണമായിരിക്കേ, തിരിച്ചുവിളിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എളുപ്പം നിർദ്ദേശിക്കാനാവില്ല. ജനപ്രതിനിധികളുടെ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തപ്പെടേണ്ടതുണ്ട്. ഇപ്പോഴത് അയ്യഞ്ചുകൊല്ലം കൂടുമ്പോഴുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് നടക്കുന്നത്. ഈ കാലാവധി ഇനിയും ചുരുക്കണമെങ്കിൽ അതാലോചിക്കാവുന്നതാണ്. പക്ഷേ, ഓരോ തെരഞ്ഞെടുപ്പും (തിരിച്ചുവിളിക്കലും) വളരെയേറെ ഊർജ്ജദുർവ്യയമുണ്ടാക്കുന്നുണ്ട്. ജനത്തെ ജനാധിപത്യത്തിന്റെ പ്രശ്നം തിരിച്ചുവിളിക്കാനുള്ള അധികാരം ജനങ്ങൾക്കു ലഭിക്കുന്നതിലൂടെ പരിഹരിക്കാനാവുമെന്ന വ്യാമോഹം എനിക്കില്ല.

**5.** വികസനത്തിന്റെ കാര്യത്തിൽ രാഷ്ട്രീയമില്ല എന്നു പറയുമ്പോൾ തന്നെ വികസനത്തിന്റെ ഇരകളിൽ തങ്ങൾക്ക് താൽപര്യമില്ല എന്ന് മുഖ്യധാരാ രാഷ്ട്രീയക്കാർ വെളിപ്പെടുത്തുകയാണ്. വല്ലാർപാടം ടെർമിനൽസ് തെരഞ്ഞെടുപ്പിൽ വിഷയമാകുകയും മൂലമ്പിള്ളി തമസ്കരിക്കപ്പെടുകയും ചെയ്യും എന്ന് തീർച്ച. തെരഞ്ഞെടുപ്പിനപ്പുറത്ത് വിശാലമായ സാമൂഹ്യ-രാഷ്ട്രീയ തലങ്ങളിൽ തന്നെയാണ് ഇരകളുടെ പ്രശ്നങ്ങൾ ശക്തമായി ഉന്നയിക്കാനാവുക. എന്നാൽ തെരഞ്ഞെടുപ്പിന്റെ പരിമിതമായ ഇടങ്ങളിൽ അവരുടെ സാന്നിദ്ധ്യം സാധ്യമാകുന്നിടത്ത് അതിനെ കയ്യൊഴിയേണ്ടതുമില്ല.

**6.** നാളത്തെ കേരളം ഇന്നലത്തെയും ഇന്നത്തെയും കേരളത്തിന്റെ തുടർച്ചയായിരിക്കുമെന്നതിൽ സംശയമില്ല. ഇന്നലത്തെയും ഇന്നിന്റെയും ധനാത്മകവശങ്ങൾ തിരിച്ചറിയുകയും അതിന്റെ ഒരു തുടർച്ച നാളത്തെ കേരളത്തിന്റെ ബാധ്യതയാക്കി മാറ്റുകയും വേണം.

വിഭവങ്ങളുടെ വികേന്ദ്രീതമായ വിതരണത്തിന് സഹായകരമായ തരത്തിലുള്ളതാണ് കേരളത്തിന്റെ ഭൂപ്രകൃതി. അതിന്റെ തുടർച്ചയാണ് ഇവിടുത്തെ ആവാസവ്യവസ്ഥ. സ്വാഭാവികമായും കേരളീയസമൂഹത്തിന്റെ ഘടനയ്ക്കും ഈ വികേന്ദ്രീകരണ സ്വഭാവമുണ്ട്. വിഭവങ്ങളുടെ സമ്പന്നതയും, മണ്ണിന്റെ ഫലഭൂയിഷ്ടതയുമല്ല, അവയുടെ സമതുലിതമായ വിതരണമാണ് കേരളത്തിന്റെ സവിശേഷത. സാമൂഹികഘടനയിൽ സ്ത്രീകൾക്കുള്ള പദവിയും .......... ഘടനയിൽ പടിപടിയായ ശ്രേണീക്രമവും അതിന്റെ സാമൂഹിക ആവിഷ്കാരങ്ങളാണ്. ജാതിഘടനയുടെ ശ്രേണീക്ര